അടുക്കളയിൽ നിന്ന്

എസ്. വി. വേണുഗോപൻ നായർ

അടുക്കളയിൽ നിന്ന്
എസ്. വി. വേണുഗോപൻ നായർ
(മലയാളം: ചെറുകഥ)

© 2022, S. V. Venugopan Nair

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Young Housewife, a painting by Alexey Vassilievich Tyranov (1808–1859). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

അടുക്കളയിൽ നിന്ന്

ആനന്ദകൃഷ്ണൻ ആകെ വലഞ്ഞു. അരിശമോ, സങ്കടമോ, പൊറുതികേടോ എന്താണതെന്ന് അയാൾക്ക് തന്നെ നിശ്ചയമില്ല.

വീട്ടിലിരുന്ന് ആലോചിക്കുമ്പോൾ തോന്നും 'ഹേയ്, കാര്യമൊന്നുമില്ല. വെറും ഒരു പേടി, അത്രേയുള്ളൂ'. പിന്നെ കൌമാരത്തിൽ താൻ ചെയ്ത സാഹസിക കൃത്യങ്ങളോർത്ത് അഭിമാനംകൊള്ളും. തന്നെത്തന്നെ നോക്കി ഒന്നൂറി ചിരിക്കും. ശാന്തമായൊന്ന് മയങ്ങും.

പക്ഷേ, മയക്കം മുറുകുംമുമ്പ് ഞെട്ടി ഉണരും. പിന്നെയും വേവലാതി, പ്രാണസഞ്ചാരം.

ഓഫീസിൽ എല്ലാം കഴഞ്ഞമട്ടായിരിക്കുന്നു. പതിനഞ്ചു കൊല്ലം വെളിമ്പറമ്പിലിരുന്ന് ഫയൽ കരണ്ടിട്ടാണ് പ്രത്യേകം ക്യാബിനുള്ള ആഫീസറായത്. ആദ്യമൊക്കെ അതിലൊരു അന്തസ്സുണ്ടെന്ന് തോന്നിയിരുന്നു. ഇപ്പോൾ ഈ ഏകാന്തത്തടവിൽ നിന്ന് മോചനം കൊതിക്കുന്നു. മഹാജനത്തെ കണ്ടും പേശിയും ഇരുന്നാൽ ഇത്രയ്ക്ക് വിമ്മിട്ടം ഉണ്ടാവില്ല.

മുന്നിലിരിക്കുന്ന ഫോണിൽ കണ്ണുവീണാലുടനെ ഉൽക്കണ്ഠ നെഞ്ചുപിളർന്നുപൊങ്ങും. വിരലുകൾ നിവർന്ന് ചാടും.

എട്ട് ഒന്ന് എട്ട് രണ്ട് പൂജ്യം...

അപ്പുറത്ത് റിസീവറെടുക്കാൻ വൈകിയാൽ ഇരിപ്പുറക്കില്ല. 'ഹലോ യമുനയാണോ... വീട്ടിൽ വിശേഷം എന്തെങ്കിലും...?' അതുകേട്ട് ചിലപ്പോൾ അവൾ ചിരിക്കും.

'ഇവിടുന്ന് പോയിട്ട് ഒരു മണിക്കൂറായില്ലല്ലോ. അതിനിടയ്ക്ക് എന്തു വിശേഷം വരാൻ?'

ചിലനേരം അവൾ പൊട്ടിത്തെറിക്കും. 'പുന്നാരിക്കാൻ കണ്ട നേരം. എന്തെല്ലാം ജോലി കിടക്കുന്നു.'

'നിന്റെ ജോലിക്കാര്യം തന്നെയാണ് പറയാൻ തുടങ്ങിയത്. ഗ്യാസിന്റെ വാൽവ്...'

'ഓ!' അവളുടെ ഒച്ചയില്ലുള്ളൊരു പരിഹാസം.

എല്ലാം സഹിക്കുകയേ നിവർത്തിയുള്ളൂ. മർത്ത്യവിധി ഇങ്ങനെയും! ആറ്റിൽ കുളിച്ച്, കിണറ്റുവെളളം കുടിച്ച്, മൺകലത്തിൽ വച്ച ചോറുണ്ട് വളർന്നു. മണ്ണെണ്ണ വിളക്കിനു മുന്നിൽ ചമ്രം പടിഞ്ഞിരുന്ന് പഠിച്ചു.

തൊട്ടടുത്ത കൊച്ചുപട്ടണത്തിലെ കൊച്ച് ഓഫീസിൽ പണിയെടുത്തു. വൈകീട്ടും, കാലത്തും പ്രൈവറ്റ് ബസ്സിൽ തൂങ്ങി സഞ്ചരിച്ചു. ഇതിനിടെ കല്യാണം കഴിച്ചു. ഓണത്തിനും, വിഷുവിനും, ദീപാവലിക്കും സദ്യയുണ്ടു. കൊട്ടകയിൽ സിനിമ കണ്ടു. അല്ലലറിയാത്ത കാലം.

ശനിദശയുടെ തുടക്കത്തിലാണ് ഒരു ടെസ്റ്റെഴുതാൻ തോന്നിയത്. പ്രതീക്ഷിച്ചതല്ലെങ്കിലും ജയിച്ചു. അന്ന് തന്നെക്കാൾ മണ്ടന്മാരാണ് മറ്റെല്ലാരും എന്നോർത്ത് ആനന്ദകൃഷ്ണൻ ചിരിച്ചു. ഒറ്റയടിക്ക് രണ്ടു പടി കയറ്റം. സ്ഥലം മാറ്റം. പുതിയ ഓഫീസ്. വലിയ പട്ടണം. ഏറിയ ചുമതല.

വേവലാതി പൂണ്ട യമുനയോടു പറഞ്ഞു: 'ഞാൻ അവിടെ ലോഡ്ജിൽ കഴിഞ്ഞു കൊള്ളാം. വാരാന്ത്യത്തിൽ വരാം. എല്ലാം നോക്കി നടത്തണം.' അവൾ നിറകണ്ണുകൾ തിളങ്ങുന്ന തലയാട്ടി.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ യമുനയുടെ മനംലേശം ഇളകി. രാത്രി തനിച്ച് കിടക്കാൻ ഭയന്നിട്ടോ, അയൽക്കാരികൾ മന്ത്രിച്ച് പിരി കേറ്റിയിട്ടോ അവൾ അല്ലാറും ശാഠ്യംപിടിച്ച തുടങ്ങി.

'നമുക്ക സിറ്റിയില് ഒരു വീട് എടുത്താലെന്താ? കുട്ടികളുടെ പഠിത്തം നോക്കേണ്ടേ... നാട്ടിലെ സ്കൂള് അറുവഷളായിക്കഴിഞ്ഞു. പിള്ളേര് അവിടെ നിന്ന് വേണ്ടാതീനമേ പഠിക്കൂ.'

ആദ്യമാദ്യം ആനന്ദകൃഷ്ണൻ അതു കേട്ടില്ലെന്നു നടിച്ചു. പക്ഷേ, യമുന നിസ്സന്ദേഹം ധാര കോരി.

'ഹോട്ടലിലുണ്ണ് ശരീരം എന്തു കോലമായി എന്നറിയാമോ. കണ്ണാടിയിൽ ഒന്നു നോക്കിയേ.'

'നാൽപതായില്ലേ. ഇനി ഉണങ്ങുന്നതാ നല്ലത്.'

ആനന്ദകൃഷ്ണൻ ഒരു ചിരി പൂശി നോക്കി. ഒരു മറുപടിയും യമുനയ്ക്ക് ബോധിച്ചില്ല. അവളുടെ കിനാവും നാവും സ്വപ്നസാമ്രാജ്യത്തിൽ നിരങ്ങിക്കിടക്കുന്നു. ആനന്ദകൃഷ്ണന് എതുമെത്തുന്ന ഒരു കളിക്കളം! ഒടുവിൽ അവളുടെ വാ മൂടാൻ ഒരു ഒറ്റമൂലി കണ്ടെത്തി.

'നീ എന്താ ഇപ്പറയുന്നേ? വാടകവീട്ടില് കൂടിക്കിടക്കണോ? വീട്ടുടമസ്ഥന്റെയും കെട്ട്യോളുടെയും വായിലിരിക്കണതെല്ലാം നമ്മൾ ഏറ്റുപിടിക്കണം. ഒരു നേരം സ്വൈര്യമുണ്ടാവില്ല.'

യമുന മൗനം പൂണ്ടു. അയാൾക്ക സന്തോഷമായി. അടുത്ത വാരാന്ത്യത്തിൽ അതിനും അവൾ മറുമരുന്ന് തയ്യാറാക്കിയിരുന്നു. 'വാടക വീട് വേണ്ട. നമുക്കൊരെണ്ണം വിലയ്ക്ക് വാങ്ങാം.'

'വിലയ്ക്കോ!' അന്തംവിട്ട് അയാൾ ചോദിച്ചു. 'എത്ര രൂപയാകുമെന്നാ നിന്റെ വിചാരം'

'എത്രയോ ആയിക്കോട്ടെ, ഞാൻ തരാം.'

'നീയോ!'

അയാൾ പകച്ചു നോക്കി. യമുന ചിരിച്ചു. 'അച്ഛൻ വന്നിരുന്നു. കഴിഞ്ഞമാസം സർവ്വീസീന്ന പിരിഞ്ഞപ്പോ നല്ലൊരു തുക കിട്ടിയത്രേ. ഇനിയും എന്തോ കിട്ടാന്ന്. ഞാൻ സിറ്റിയിൽ ഒരു വീട് വാങ്ങണ കാര്യം പറഞ്ഞപ്പോൾ അച്ഛന് വലിയ ഉത്സാഹം. പിന്നെ, അച്ഛൻ ഓർമ്മിപ്പിച്ചപോലെ നമുക്കൊരു പെൺകുഞ്ഞില്ലേ. സിറ്റിയിൽ ഒരു വീട് കൊടുക്കാമെന്ന പറഞ്ഞാൽ ഏതു വമ്പനും വീഴും.

വീടിനവേണ്ടി മുടക്കുന്ന പണം ഡെഡ് ഇൻവെസ്റ്റ്മെന്റാണെന്നൊക്കെ ആനന്ദകൃഷ്ണൻ വാദിച്ചാലുണ്ടോ യമുന അടങ്ങുന്നു.

പിറ്റേ ആഴ്ച മകളുടെ ഭാഗം വാദിക്കാൻ പിതാവു മെത്തി.

അദ്ദേഹം നഗരത്തിൽ രണ്ടുമൂന്ന വീടുകൾ കണ്ടുവെച്ച കഴിഞ്ഞു.

ആനന്ദകൃഷ്ണൻ ചെന്നൊന്ന് നോക്കുക, അഡ്വാൻസ് കൊടുക്കുക,അത്രേ വേണ്ടൂ.

ആ വാർത്ത കേട്ടപ്പോൾ കുട്ടികൾക്ക് പൊന്നോണം അവർ ഇടംവലം നിന്ന് ആനന്ദകൃഷ്ണനെ മെതക്കി. ഒടുവിൽ ആനന്ദകൃഷ്ണന്റെ അമ്മയും വേദിയിലെത്തി. 'മോനേ, എല്ലാം കൊണ്ടും അതാ നന്ന്.' 'അമ്മയെ നോക്കാൻ ഇവിടാരാ വേണ്ടേ?' അയാൾ ഓതിരം പയറ്റി. 'കഴിയിൽ പാതി ഇറങ്ങിയ എന്നെ ഇനി നോക്കണ്ടാ! ഇവിടെ നിന്റെ ഇളയ ഒരുത്തി ഇല്ലേ. പോരെങ്കിൽ വേലക്കാരീം. നീ സിറ്റിയില് താമസമാക്കിയാല് എനിക്കവിടെ വന്ന് പദ്മനാഭസ്വാമിയെയും ആറ്റുകാലമ്മേമൊക്കെ തൊഴുകേം ചെയ്യാം.'

അങ്ങനെ പഴഞ്ചുകല്ലൊന്നാടച്ചു മൂന്നതലമുറ നിന്നപ്പോൾ ആനന്ദകൃഷ്ണൻ പത്തിയൊതുക്കി. നഗരത്തിലെ ഒരു ഈടുവഴിയോരത്തെ വീട്ട് വിലപേശിയൊതുക്കി. കഴുകിത്തേച്ച ചായമടിച്ചു മിനുക്കിയപ്പോൾ അതൊരു നേട്ടമായെന്നുതന്നെ അയാൾക്കുതോന്നി. പിന്നെ കുടുംബ കണിയാരെക്കൊണ്ട് നാളും തിഥിയും നോക്കി, കാലദോഷങ്ങൾ പോക്കി, സകുടുംബം കടിയേറി. സിറ്റി ബസിൽ ഇരുപതു മിനിട്ടിനുള്ളിൽ ആപ്പീസ്. വൈകിട്ട് മെല്ലെ നടന്നിങ്ങു പോരാം. സങ്കടങ്ങളേതുമില്ലാതെ മാസം രണ്ട് പറന്നുപോയി.

നിനച്ചിരിക്കാത്ത നേരത്താണ് യമുനയുടെ ഇടക്കം: 'പിള്ളേർക്ക് എട്ടുമണിക്ക് പോണം. വല്ല പ്ലാൻകാലത്തേ എണീറ്റ് പെടപെടച്ചാലും സമയത്തൊന്നും ആവണില്ല. എനിക്ക വയ്യാ ഇങ്ങനെ ഓടിച്ചാടി ചാകാൻ.'

'കുട്ടികൾക്ക് ഹോട്ടലിൽ ഏർപ്പാടാക്കാം'.

'അയ്യോ! നല്ല പുകില്! ഒരു പ്രഷർക്കക്കർ വാങ്ങിയാല് കാര്യം കഴിഞ്ഞു. അരമണിക്കൂറ് മതി അരി വേവാൻ.'

'അത്രേയുള്ളോ. ഉദ്ദേശം എന്തു വില വരും?'

തന്റെ ബഡ്ജറ്റിലൊതുങ്ങുന്നതല്ലോ സൗകര്യത്തിന്റെ വിലയെന്നു കണ്ടപ്പോൾ ഒന്നാംതിയതി തന്നെ ക്ലേശമോചനം സാധിക്കാമെന്ന പ്രതിജ്ഞ ചെയ്തു.

പ്രഷറിൽ വെന്ത ചോറിന്റെ രുചി ആനന്ദകൃഷ്ണന് അത്ര ഇഷ്ടപ്പെട്ടില്ലെങ്കിലും ഭാര്യയുടെ ആശ്വാസമോർത്ത് ആഹ്ലാദിച്ചു.

പത്തുനാൾ കഴിഞ്ഞപ്പോഴാണ് ഓഫീസിലെ ലേഡീ ടൈപ്പിസ്റ്റിന് സംഭവിച്ച അത്യാഹിതത്തിന്റെ വാർത്ത ആ കൂട്ടൻ കെട്ടിടത്തെയും നടുക്കി കൊണ്ട് വരുന്നത്.

പ്രഷർ കക്കർ പൊട്ടിത്തെറിച്ച് മുപ്പതു തികയാത്ത ആ സുന്ദരിയുടെ ഉടലാകെ പൊള്ളിയത്രേ. മാംസം അങ്ങിങ്ങ് വെന്തിരിഞ്ഞു. മുഖം അപ്പടി ബീഭത്സമായി. ഒന്ന കണ്ടാൽ ഉയിരുള്ളവർ നിലവിളിച്ചു പോകം.

'രക്ഷപ്പെടുന്ന കോളില്ല. രക്ഷപ്പെട്ടാലും വിശേഷമില്ല്' പ്യൂൺ അതു വിവരിച്ചപ്പോൾ ആനന്ദകൃഷ്ണൻ വിളറിവെളുത്തു.

ഉടൻ തന്നെ ഫോൺ കറക്കി—എട്ട്, ഒന്ന്, എട്ട്, രണ്ട്, പൂജ്യം... 'യമുനേ, വല്ല വിശേഷവും...?' അയാളുടെ തൊണ്ട വിറയുന്നത് അവളറിഞ്ഞു. അവളുടെ സ്വരവും വിറച്ചു. 'എന്താ സുഖമില്ലേ?'



ആനന്ദകൃഷ്ണൻ മിണ്ടിയില്ല. ടൈപ്പിസ്റ്റിന്റെ ദുര്യോഗം ഭാര്യയോട പറയാനുള്ള ധൈര്യം ഒരില്ലലും അയാൾക്ക കൈവന്നില്ല.

പിറ്റേന്ന രാത്രി ഏഴുവ നല്ല മുഹൂർത്തം നോക്കി അയാൾ പറഞ്ഞു: 'മൺകലത്തിലെ ചോറുണ്ട് ശീലിച്ചിട്ടാവാം എനിക്കീ കക്കർ ചോറുണ്ടിട്ട് ഒരു സ്വിത!'

കണവനൊരു കൺടിയാണെന്ന മട്ടിൽ യമുന ചിരിച്ചു: 'മെല്ലെ ഇതും ശീലമായിക്കൊള്ളും.'

അയാൾ വാക്കകൾക്ക പരതി. 'നാല്ലം മൺകലത്തിൽ വേവിച്ച വാർത്ത ചോറിന്റെ രുചി...

യമുന ആ വിലാപത്തിന്റെ ഇടയ്ക്കു കയറി. 'അത്ര കൊതിയാണെങ്കില് അവധി ദിവസം പഴയ ചട്ടീം കലവുമാക്കിക്കളയാം. പോരേ?'

അതുപോരാ എന്നെങ്ങനെ പറയും!

പ്രഷർ കക്കറിന്റെ ചൂളം കേൾക്കുമ്പോൾ ആനന്ദകൃഷ്ണന്റെ ഹൃദയം വേഗം. പത്മിപുരത്തി അടുക്കളയോളം ചെന്നു വട്ടം കറങ്ങി തിരികെ പോരും.

തന്റെ പാവം ഭാര്യയ്ക്ക് കൂട്ടായിരിപ്പാൻ പരദൈവങ്ങളോട് പ്രാർത്ഥിക്കും.

ഒരു പ്രഭാതത്തിൽ, പത്രത്തിൽ മനമുതുർക്കൊണ്ടിരിക്കുമ്പോൾ മോള് ചിണുങ്ങിക്കൊണ്ടു വരുന്നു:

'അച്ഛാ ദേ കണ്ടോ, ഏട്ടൻ എന്റെ ബ്ലൗസ് കേടാക്കി.'

ബ്ലൗസിൻറെ ഒരുഭാഗം കരിഞ്ഞുപോയിരിക്കുന്നു. പുക പൊങ്ങുന്ന ഇസ്തിരിപ്പെട്ടിയുമായി പ്രതിയുമെത്തി. 'എനിക്കാ കറ, ഇവള് കണക്കില്ലാണ്ട് തീയിട്ടിട്ടാ പെട്ടി ചൂടുപഴുത്തത്. ചൂടിന്റെ അളവറിയാൻ മീറ്ററുണ്ടോ ഇതില്?'

ആനന്ദകൃഷ്ണൻ ഒരു ന്യായവിധി കരുപ്പിടിപ്പിക്കുന്നതിന്നിടയിൽ പുത്രൻ കൂട്ടിച്ചേർത്തു: 'നാശംപിടിച്ച ഈ പെട്ടി കളയുകയാ നന്ന്. ചാരം പറന്നുവീണ് എന്റെ രണ്ടു പാന്റ്സ് കേടായി. നമുക്കൊരു ഇലക്ട്രിക് അയേൺ വാങ്ങണം.'

ആനന്ദകൃഷ്ണൻ കലിതുള്ളി: 'ഒം, ഇലക്ട്രിക് അയേൺ! കടന്നുപോ.'

ഡെപ്യൂട്ടി സെക്രട്ടറി മേനോന്റെ മകൾ ഇസ്തിരിപ്പെട്ടിസ് ഷോക്കേറ്റ് ചത്തുകിടക്കുന്നത് അയാൾ കണ്ടതാണ്. ഏക സന്തതി.

രണ്ടു ദിവസം കഴിഞ്ഞ് മോൾ അയാളുടെ ഷർട്ടം പൊക്കിപ്പിടിച്ചുകൊണ്ടെത്തി:

'ദാ കണ്ടോ, ഇതിലപ്പടി ഇരുമ്പുവല്. ഇലക്ട്രിക് പെട്ടിയായിരുന്നേല്...'

ആനന്ദകൃഷ്ണൻ ചീറിക്കൊണ്ട് ചാടി: 'സർവ്വ ഇണീം കരിഞ്ഞു പറന്നുപോട്ടെ. ആള കരിയില്ലല്ലോ.'

നാലുനാൾ കഴിഞ്ഞൊരു സന്ധ്യക്ക് ഓഫീസിൽ നിന്നു വന്നപ്പോ കുട്ടികളെ കാണാനില്ല. 'അച്ഛൻ വന്നിട്ടുണ്ട്. കുട്ടികളേം കൂട്ടി നടക്കാൻ പോയിരിക്കുന്നു.' യമുന അറിയിച്ചു. തുള്ളിക്കളിച്ചുകൊണ്ടാണ് മോൾ മടങ്ങി വന്നത്. വന്നപാടെ പുതിയ ഇലക്ട്രിക് അയേൺ ആനന്ദകൃഷ്ണന്റെ മുന്നിൽ വച്ചു. 'അച്ഛാ ഇതുകണ്ടോ, എല്ലാ അഡ്ജസ്റ്റ്മെന്റുണ്ട്.' അതെടുത്ത് തെരുവിലെറിയാനുള്ള അരിശം അയാളിൽ പതഞ്ഞു. ചാടിയെണീറ്റപ്പോൾ കണ്ണിൽ വീണത് ശ്വശുരന്റെ മുഖം. കുട്ടികളുടെ ആഹ്ലാദത്തിൽ ധന്യത നുണയുന്ന ആ ചിരി. ആനന്ദകൃഷ്ണൻ ആരോടെന്നില്ലാതെ പറഞ്ഞു: 'സൂക്ഷിച്ചുപയോഗിക്കണം'. ഇലക്ട്രിഫൈ ചെയ്ത വീട് അംഗിപഞ്ജരമാണെന്ന് അയാൾ ചിന്തിച്ചു. വയറിങ്ങിന് തീപിടിക്കുന്നത് വാർത്തയല്ലാതായി. മറ്റൊരുവൻ വച്ച വീടാണ്. വയറിങ് കൺസീൽഡ്. ഷോർട്ട് സർക്യൂട്ടോ മറ്റ് വല്ല കുനാകുരക്കോ സംഭവിച്ചാൽ അറിയാനും വഴിയില്ല. പെയിന്റടിക്കാൻ വേണ്ടി നനച്ചപ്പോൾ രണ്ടു ചുമരിൽ ഷോക്കണ്ടായിരുന്നു. നല്ല മഴയുള്ള ദിവസം ആനന്ദകൃഷ്ണന് ഉറക്കം വരില്ല. ചോർച്ചയുണ്ടോ? ചുമർ നനയുന്നുണ്ടോ? കഥയില്ലാത്ത കുട്ടികൾ നനഞ്ഞ ചുമരിൽ തൊട്ടാലോ? ടെസ്റ്ററുകൊണ്ട് മഴ തീരുവോളം ചുറ്റിക്കറക്കം തന്നെ.

മറ്റൊരു രാത്രി ധന്വന്തരം കുപ്പിയുമായിട്ടാണ് യമുന അടുത്തു വന്നത്.

'ഈ കഴമ്പൊന്ന പുരട്ടിത്തരുമോ?' അവൾ കൈമുട്ടു നീട്ടി. 'രണ്ടു മുട്ടിലും നീര്.'



അയാൾ സ്നേഹപുരസ്സരം ഉഴിച്ചിൽ തുടങ്ങിയപ്പോൾ യമുന പറഞ്ഞു:

'ഇന്ന് കറിക്ക് അരയ്ക്കുമ്പോൾ കൈ ഒടിഞ്ഞെന്നതന്നെ തോന്നി. ഹോ! എന്തൊരു വേദന. രാവിലത്തെ പലഹാരത്തിന് മാവ് അരച്ചതില്ലേ.'

'കാപ്പിക്ക് ഉപ്പുമാവോ, ബ്രെഡോ ഒക്കെ മതി. അരയ്ക്കലിനെയങ്ങ വിട്ടേര്.'

'നന്നായി, സന്തതികള് അതൊന്നും തൊടില്ല.'

ഇനി എന്തു പറയേണ്ടു എന്ന് വ്യഥ പൂണ്ടിരിപ്പായി ആനന്ദകൃഷ്ണൻ. ആ മൗനത്തെ തെല്ലൊന്നു മാനിച്ചിട്ട് യമുന ചൊല്ലി: 'ഒരു മിക്സി വാങ്ങിയെങ്കിൽ അരപ്പും പൊടിപ്പും എത്ര എളുപ്പം.'

അതാ വരുന്നു അടുത്ത കന്ത്രാണം എന്ന് അയാൾ മനസ്സിൽ കറിച്ചു. പെട്ടെന്ന് പൊന്തിയ കോപത്തിരയിൽ നാവു താണുപോയി. താൻ പറഞ്ഞത് ഭർത്താവിന് രസിച്ചില്ലെന്ന് തോന്നിയ യമുന ആ വിഷയം പൂട്ടിക്കളഞ്ഞു.

പിറ്റേന്ന് ഓഫീസിൽ ചെന്നയുടനെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സേനനെ വിളിച്ചുവരുത്തി നയത്തിൽ ചോദിച്ചു: 'ഈ മിക്സി അപകടമൊന്നുമുണ്ടാകാത്ത സാധനമാ... അല്ലേ?'

സാദാ അമ്മിയെപ്പോലെ തന്നെ നിരപദ്രവിയാണ് മിക്സി എന്ന് സേനൻ ഉറപ്പിച്ചു.

എന്നിട്ടും സ്റ്റെനോടൈപ്പിസ്റ്റിനോട് ഡിക്റ്റേഷനിടയിലൊന്നു ചോദിച്ചു.

'ലതയുടെ വീട്ടിൽ മിക്സിയുണ്ടോ?'

'ഉണ്ട്.'

'അതിൽ നിന്ന് വല്ല അപകടവും...'

'എന്തപകടം?'

'ഷോക്കടിക്കുക. ജാറ് പൊട്ടിത്തെറിക്കുക...'

ലത കലുങ്ങിച്ചിരിച്ചു: 'ഈ സാറിന്റെ പേടി! ഒരു കഴപ്പവും ഉണ്ടാവില്ല. സാർ ധൈര്യമായി വാങ്ങിക്കൊടുക്കണം.'

സന്ധ്യയ്ക്ക് മിക്സിയുമായി കയറിച്ചെന്നപ്പോൾ യമുന വിസ്മയവും സന്തോഷവും കൊണ്ട് വീർപ്പുമുട്ടി.

'ബ്ലേഡ് മാറ്റമ്പോ സൂക്ഷിക്കണം.' അയാൾ അടിക്കടി ഓർമ്മിപ്പിച്ചു.

എങ്കിലും മിക്സി ചിലയ്ക്കുമ്പോൾ ആനന്ദകൃഷ്ണന് ഒരു വിങ്ങൽ. ആ ബ്ലേഡെങ്ങാൻ ഊരിത്തെറിച്ചാലോ. സേനന്റെയും ലതയുടെയും വാക്കുകൾ ഓർമ്മയിലെത്തും. അതോടെ മനം ശാന്തമാകം. പക്ഷേ, ഈ ഇലക്ട്രിക് അയണം പ്രഷർക്കക്കറും മതിയല്ലോ സ്വൈരം കെടുത്താൻ.

ആനന്ദകൃഷ്ണൻ കുട്ടികളോട് കർശനമായിത്തന്നെ പറഞ്ഞു:

'ഇസ്തിരിയിടുന്നത് ഞാൻ വീട്ടിലുള്ളപ്പോൾ മതി.' മാത്രമല്ല ഓഫീസിൽ പോകുംമുൻപ് അതെടുത്ത് അലമാരയിൽ വെച്ചു പൂട്ടാനും അയാൾ പ്രത്യേകം ശ്രദ്ധിച്ചു. ഭയത്തിന്റെ ചുഴപ്പിലുടെ അയാളുടെ ദിനങ്ങൾ തങ്ങിയും താണും തെന്നിയും നീങ്ങിപ്പോകവേയാണ് അടുത്ത വൈതരണിയുടെ വരവ്. അതോ തികച്ചും ആകസ്മികമായി.

പീറ്ററും ഭാര്യയും ഒരു സൗഹൃദ സന്ദർശനത്തിനു വന്നതാണ്. ആനന്ദകൃഷ്ണൻ അവരോടു സംസാരിക്കേ കാപ്പിയുമായി യമുന കടന്നു വന്നു. അയാൾ ഭാര്യയെ ഒന്നേ നോക്കിയുള്ളൂ. തൊലിയാകെ ചുള്ളിപ്പോയി. അവളുടെ മൂക്കിലും ഇടത്തേ കവിളിലും ബ്ലൗസ്സിലും കരി. അതിഥികൾ മന്ദസ്മരയുതകൊണ്ട് ആ കരിച്ചാർത്തിനെ പറ്റി കമന്റൊന്നും പാസ്സാക്കിയില്ല. അതിഥികൾ പൊയ്ക്കഴിഞ്ഞപ്പോൾ തലയിലറഞ്ഞു സ്വയം ശപിച്ചു. ഈ നാണക്കേട് എങ്ങിനെ മാറ്റമെന്ന് പരിതപിച്ചു. ആനന്ദകൃഷ്ണൻ കറേ പ്രസംഗിച്ചപ്പോൾ യമുന ഒരു കടലാസ് മുന്നിലേക്കിട്ടു. ഒരു ഗ്യാസ് ഏജൻസിയുടെ പ്രലോഭനശ്ലീട്ട്. ഇപ്പോൾ രജിസ്റ്റർ ചെയ്താൽ കൈയോടെ കണക്ഷൻ. കാത്തിരിക്കേണ്ട, തേടി നടക്കേണ്ട. 'വിറകടുപ്പിൽ തീ കത്തിച്ചാല് മോന്തയിൽ കരി പറ്റിന്ന വരും. ഗ്യാസ്സായാല് ആ നാണക്കേട് വരുല്ലാ.' വിറകായാല് കരി പറ്റുമെന്നല്ലേയുള്ളൂ. ആള കരിഞ്ഞുപോവില്ലല്ലോ.' 'പിന്നെ ഗ്യാസ് വാങ്ങിയവരെല്ലാം ചാമ്പലായ് പറന്നു പോയിരിക്കയല്ലേ.'

അങ്ങനെ ഒരു വലിയ പിണക്കത്തിന് തീ കത്തി. ആ സിറ്റിയിൽ ഗ്യാസ്സില്ലാത്ത ഒരേ ഒരു വീട് അതുമാത്രം. പത്തു രൂപയുടെ വിറക വാങ്ങാൻ മൂന്നു രൂപ കൂലി കൊടുക്കണം. ആ വിറകോ, വാഴപ്പിണ്ടിയേക്കാൾ കേമം. ഊതിയൂതി നെഞ്ചുപിളരും. പുക കയറി കണ്ണുകലങ്ങും. അയലത്തെ പെണ്ണുങ്ങൾ കളിയാക്കുന്നു...' അങ്ങനെ പോയി യമുനയുടെ വായ്ത്താരി. പക്ഷേ, ആനന്ദകൃഷ്ണൻ ഗ്യാസ്സെന്ന കേൾക്കുമ്പോഴേ ശ്വാസം മുട്ടും. എപ്പോഴാണ് ഉയിരോടെ ചുട്ട മാരണമാണത്. വാൽവ് അടക്കാനുതില് ലേശമൊരു അശ്രദ്ധ മതി വീട് ചാമ്പലാവാൻ. ഒരു ജെവാനാലയെ വീട്ടിൽ വളർത്തുകയാണ് ഇതിലും ഭേദം. ഭാര്യ പിണങ്ങിപ്പോയാലും ഈ വിന വിലയ്ക്ക് വാങ്ങില്ല—അയാളും തീർമാനിച്ചു.

തെരുവിന്റെ അങ്ങേയറ്റത്തു താമസിക്കുന്ന ഭൈരവൻ ആനന്ദകൃഷ്ണന്റെ ഓഫീസിലെ പ്യൂണാണ്. അയാൾ സൈക്കിളിൻ പിന്നിൽ ഗ്യാസ് സിലിണ്ടറുമായി പോകുന്നത് എണ്ടിക്കാണിച്ച യമുന പുലമ്പി: 'വെറും പ്യൂണായാലെന്താ, ചില ഓഫീസറന്മാരെക്കാൾ ബോധമുണ്ട്.' ആനന്ദകൃഷ്ണൻ പല്ലിറുമ്മിപ്പിടിച്ച് നാവിനെ ബന്ധിച്ചു. ഒരു വാക്ക് മിണ്ടിയാൽ പൊട്ടിത്തെറിക്കുന്ന പരുവത്തിലായി യമുന ദാമ്പത്യം. അതുകൊണ്ട് ആകെ വലഞ്ഞു കട്ടികളാണ്. ആരോടും ഒന്നും പറയാൻ വയ്യ. വീട്ടിന്റെ മുക്കിലും മൂലയിലും കൈബോംബ് പൊതികൾ വെച്ചിരിക്കും പോലെ.

ആ മഞ്ഞിന് ആക്കം കൂട്ടിക്കൊണ്ട് വൃശ്ചികമാസം എത്തി. വിരുന്ന പാർത്ത് ദൈവങ്ങളെ തൊഴാൻ ആനന്ദകൃഷ്ണന്റെ അമ്മ വന്നു. വൃദ്ധയ്ക്ക് ആ വീട്ടിലെ അടിയന്തരാവസ്ഥ മനസ്സിലാക്കാൻ രണ്ടുനാൾ വേണ്ടി വന്നില്ല.

മൂന്നാം ദിവസം ആഫീസിൽ നിന്നും എത്തിയ ആനന്ദകൃഷ്ണൻ യമുനയുടെ മുഖത്ത് പണ്ടെങ്ങോ നഷ്ടപ്പെട്ട പ്രസാദം കണ്ട് വിസ്മയിച്ചു. അയാളെ കണ്ടതും അവൾ തെല്ലൊരു നാണത്തോടെ അകത്തേക്കു പോയി. അമ്മ സഹസ്രനാമം ചൊല്ലി കണ്ണുമടച്ചിരിപ്പാണ്.

ആനന്ദകൃഷ്ണൻ യമുനയെപ്പറ്റി ചിന്തിച്ചു കൊണ്ടുതന്നെ മോൾ കൊണ്ടുവന്ന ചായ നുണഞ്ഞു. അപ്പോൾ മോൾ ചോദിച്ചു: 'അച്ഛാ, ചായയ്ക്ക് രുചി വ്യത്യാസമുണ്ടോ?'

ചോദ്യത്തിന് അർത്ഥം പിടികിട്ടാതെ അയാൾ നോക്കി.

'ഇത് ഗ്യാസിൽ തിളപ്പിച്ചതാ'

'ങേ'

അയാൾ ചാടിയെണീറ്റ് തുറിച്ചുനോക്കി.

'അതേന്ന്, അമ്മൂമ്മയാ പണം കൊടുത്തത്. ഏതോ കറി കിട്ടിയ പണവുമായിട്ടാ അമ്മൂമ്മ വന്നതെന്ന്.'

ഈ ലോകത്തെ പെണ്ണുങ്ങൾ ഒന്നാകെ തന്നെ ദ്രോഹിക്കാൻ കച്ച കെട്ടി നിൽക്കുന്നതായി ആനന്ദകൃഷ്ണന് തോന്നി. അയാൾ കപ്പ് മുറ്റത്തേക്ക് വലിച്ചെറിഞ്ഞിട്ട് മുറിയിൽ ചെന്ന് കമിഴ്ന്നുകിടന്നു.

ഒരു നാഴിക കഴിഞ്ഞപ്പോൾ അമ്മ വന്ന് കട്ടിലിൽ ഇരുന്നു. ഓരോ നാട്ടു വിശേഷങ്ങൾ പറഞ്ഞ് അയാളെ ആശ്വസിപ്പിക്കാൻ തുടങ്ങി. ഇടയ്ക്ക് അവർ മകന്റെ നെറ്റിയിൽ തലോടി.

'അയ്യോ മോനേ, നെറ്റി ചുട്ടുനീറുന്നല്ലോ.'

വൃദ്ധ ബഹളം വച്ചു. മരുമകളെ വിളിച്ചു. കട്ടൻകാപ്പി, മരുന്ന്, പുതപ്പ്—കല്ലനകൾ പറപ്പെട്ടു.

ആനന്ദകൃഷ്ണൻ ഒന്നിനും ശക്തനല്ലാതെ വിനീതവിധേയനായി കിടന്നു.

പിറ്റേന്ന് ആഫീസിലെത്തി അരമണിക്കൂർ കഴിഞ്ഞപ്പോൾ ഏതോ ഉൾവിളിയാൽ ടെലിഫോൺ എടുത്തു:

'യമുന അല്ലേ... ഗ്യാസിന്റെ വാൽവ്... ശ്രദ്ധിച്ചോണേ'

അങ്ങേതലയ്ക്കൽ അവളുടെ ചിരി. പന്ത്രണ്ട് കഴിഞ്ഞപ്പോൾ വീണ്ടും വിളിച്ചു.

'ഗ്യാസിന്റെ...'

ഇതിനകം അയാൾ ഒരു ലക്ഷം തവണ പറഞ്ഞിരിക്കുന്നു... 'കുട്ടികളെ അതിനടുത്ത് വരാൻ സമ്മതിക്കരുത്. ലേശം ലീക്കുണ്ടായാൽ മതി...'

ചുറ്റിപ്പടർന്ന്, ആളിക്കത്തി, ഓടിച്ചിട്ട് ദഹിപ്പിക്കുന്ന അഗ്നിനാളങ്ങൾ സദാ അയാളുടെ കണ്ണുനിൽ നാവുനീട്ടി പുളഞ്ഞു. ഓരോ നിമിഷത്തിന്റെ തിരിവിലും അയാൾ മരണത്തിന്റെ ഗന്ധം ശ്വസിച്ചു.

കൂടുതൽ മാരകായുധങ്ങളൊന്നും വരാനില്ലല്ലോ എന്ന് ആശ്വസിച്ചിരിക്കവേയാണ് അളിയന്റെ വരവ്. അച്ഛനോട് കലമ്പി നാട്ടവിട്ട പയ്യൻ അഞ്ചു കൊല്ലത്തിനുശേഷം വരികയാണ്. ഒറ്റത്തടിയായ ഇവർക്ക് ആണ്ടറുതിയിലെ എങ്കിലും വിടാൻ പണവുംകൊണ്ടാവും വരവെന്ന് ആനന്ദകൃഷ്ണൻ കണക്കുകൂട്ടി.

ചേച്ചിക്ക് നഗരത്തിൽ വീടുണ്ടായതിൽ അനിയന് ബഹുസന്തോഷം. ഒരാഴ്ച താമസിച്ചിട്ടേ പോകു എന്നൊരു പ്രഖ്യാപനവും നടത്തി.

യമുനയും കുട്ടികൾക്കും പുതിയൊരുണർവ്വ്. അയാളുടെ തമാശകൾ ആനന്ദകൃഷ്ണന്റെ ഭയത്തിനും ഇടവേളകളൊരുക്കി.

ചേച്ചിയ്ക്കും അളിയനും എന്താ വാങ്ങിക്കൊടുക്കുക എന്ന് അവൻ ചിന്തിച്ചു തുടങ്ങി.

'അളിയൻ പറ. പുതിയ വീടിന എന്റെ വകയായിട്ട് എന്താ വേണ്ടത്?'

'ശിവന്റെയോ, സരസ്വതിയുടെയോ ചില്ലിട്ട് വിലയ്ക്ക പടമായിക്കോട്ടെ'. നിവൃത്തിയില്ലാതെ ആനന്ദകൃഷ്ണൻ പറഞ്ഞു.

അതുകേട്ട് ഗൾഫ് മലയാളി ഒരു പരിഹാസച്ചിരി ചിരിച്ചു.

'കുട്ടികളുമായി ആലോചിക്കാം. അവർക്കാണല്ലോ മോഡേൺ സെൻസുള്ളത്'. അയാൾ അകത്തു പോയി.

ഏതു നീരാളിയെയാവും ഇവൻ പൊക്കിക്കൊണ്ടു വരിക എന്നാലോചിച്ച് ആനന്ദകൃഷ്ണൻ ഉറക്കമിളച്ചു.

പിറ്റേന്ന് ഓഫീസിൽ ചെന്നിട്ടും വേവലാതി മാറിയില്ല. ആയിരമോ രണ്ടായിരമോ രൂപയ്ക്ക് എന്തൊക്കെ സ്റ്റോടനയന്ത്രങ്ങൾ വാങ്ങാൻ കഴിയുമെന്ന് സഹപ്രവർത്തകരോട് സംസാരിച്ച മനസ്സിലാക്കാൻ അയാൾ ശ്രമിച്ചു. വലിയ ദ്രോഹമൊന്നും ഉണ്ടാവാനിടയില്ലെന്ന നിഗമനത്തിലെത്തി ശാന്തചിത്തനായി.

അളിയൻപയ്യൻ എന്തെങ്കിലും വാങ്ങിക്കൊണ്ട് വന്നോ എന്ന് യമുനയോട് ഫോണിൽ തിരക്കാൻ മൂന്നനാലുവട്ടം ഇനിഞ്ഞെങ്കിലും പതിവു ചോദ്യത്തിനപ്പുറം നാവെത്തിയില്ല.

വൈകിട്ട് വീടിന്റെ പടി കടന്നപ്പോഴും വിശേഷിച്ച് എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെന്ന് തോന്നിയില്ല. സ്വന്തം മുറിയിലേക്ക് കടക്കുമ്പോൾ കണ്ണ് ഡൈനിങ്ഹാളിന്റെ മൂലയിൽത്തെളിയുന്ന ചുമന്ന വെളിച്ചത്തിൽ വീണു. ഒരു നെറ്റിക്കണ്ണ്വെട്ടം. സ്റ്റെബിലൈസറിന്റെ ചെങ്കണ്ണ്. താഴെ ആ ദുഷ്ടമൃഗം. ഫ്രിഡ്ജ്!

ചീഫ് എക്സിക്യൂട്ടീവിന്റെ ഭാര്യ അമ്മാൾ ഫ്രിഡ്ജിൽ പിടിച്ചപ്പോഴാണ ഷോക്കടിച്ചത്. നിലത്തു വീഴുമ്പോഴും അമ്മാൾ പിടിവിട്ടില്ല. ശീതപ്പെട്ടി അവരേയും ഉപേക്ഷിച്ചില്ല. ഉടനടി മീതേതന്നെ ചരിഞ്ഞു. നീലച്ചായം തേച്ച രാക്ഷസന കീഴെ കിടന്ന് ഞെരിഞ്ഞ് പിടഞ്ഞ് ആ അമ്മാൾ മരവിച്ചു. ആ കിടപ്പ് അയാൾ ഇന്നും ഓർക്കുന്നു.

'അച്ഛനെന്താ ഇങ്ങനെ നിൽക്കുന്നെ?'—തൊട്ടുണർത്തിയത് മോളാണ്. അയാൾ മുറിയിലേക്ക് തിരിയുമ്പോൾ അവർ പറഞ്ഞു: 'അമ്മാവൻ മൂന്നമണിയുടെ വണ്ടിക്ക് പോയി.'

ബെഡ്ഡിൽ മലർന്നുകിടക്കെ ആനന്ദകൃഷ്ണന് തലയ്ക്കു മുകളിൽ കറങ്ങുന്ന ഫാൻ പിടിവിട്ട് താഴേയ്ക്കുവീഴുമെന്നു തോന്നി. അയാൾ ബെഡ് നീക്കിയിട്ട് കമിഴ്ന്നു കിടന്നു. രാത്രി യമുന അനിയന്റെ സമ്മാനത്തെപ്പറ്റി പറഞ്ഞു തുടങ്ങിയപ്പോൾ അയാൾ മുറ്റത്ത് ഇറങ്ങി ഉലാത്തുവാൻ തുടങ്ങി. യമുന വിളിച്ചിട്ടും, പരിഭവിച്ചിട്ടും, കെഞ്ചിയിട്ടും അയാൾ നടന്നുകൊണ്ടേയിരുന്നു, കോഴി കൂവും വരെ.

ഇന്ന്, എം. ഡി. വിളിച്ചപ്പോൾ ഗൗരവമുള്ള എന്തോ ചർച്ചചെയ്യാനാണെന്നാണ് ആനന്ദകൃഷ്ണൻ വിചാരിച്ചത്. ലേശവും വൈകാതെ അങ്ങ് ചെന്നു. പക്ഷേ, ആ മുഖം കണ്ടപ്പോൾ എന്തോ പന്തികേട് തോന്നി. ശരവർഷം പോലെയായിരുന്നു ശകാരം.

നിങ്ങൾക്ക് എന്തു പറ്റി? നോട്ടെഴുന്നത് പരസ്പരബന്ധമില്ലാതെ എന്തൊക്കെ വങ്കത്തരങ്ങൾ. എത്ര ഫയൽ തന്റെ മേശപ്പുറത്ത് അടയിരിപ്പുണ്ടെന്ന് അറിയാമോ? എന്തിനാണ് ആഫീസിലെ ഓരോരുത്തരോടായി അവരുടെ വീട്ടിൽ മിക്സിയുണ്ടോ, ഗ്യാസുണ്ടോ എന്നൊക്കെ തിരക്കുന്നത്? 'നല്ല സുഖമില്ലെങ്കിൽ അവധിയെടുക്കൂ. അല്ലെങ്കിൽ പെൻഷൻ വാങ്ങിപ്പിരിയൂ...'

എന്തെങ്കിലും സമാധാനം ബോധിപ്പിക്കാൻ ആനന്ദകൃഷ്ണൻ ഒരുങ്ങുമ്പോഴേക്കും എം. ഡി. ഗർജ്ജിച്ചു.

'കടന്നു പോകൂ'.

വിഷണ്ണനായി ലിഫ്റ്റിന് കാത്തു നിന്നു. അപ്പുറത്തു കുറെ കീഴ് ജീവനക്കാരികൾ വായ്ത്തോരാതെ എന്തോ പറയുന്നു. ചിരിക്കുന്നു. അവർക്ക് കാത്തുനിൽപ്പും ഒരു രസം.

ഒന്നിലും മനസ്സുറയ്ക്കാതെ ആനന്ദകൃഷ്ണൻ വട്ടം കറങ്ങി നിൽക്കെ, മഹാനുഗ്രഹം പോലെ ലിഫ്റ്റ് എത്തി. അതിനകത്തേക്കു പാഞ്ഞുകയറുമ്പോൾ ആ പെണ്ണുങ്ങളിൽ ഒരുത്തി തെല്ലുറക്കെത്തന്നെ പറഞ്ഞു.

'ഇതിലെങ്ങനെ വിശ്വസിച്ച കയറുമപ്പാ! കറണ്ടു പോവുകയോ കയററു വീഴുകയോ ചെയ്യില്ലേ...'

ലിഫ്റ്റ് അനങ്ങിത്തുടങ്ങിയപ്പോൾ അവരുടെ കൂട്ടച്ചിരി.

സ്വന്തം മാളത്തിൽ എത്തിയ ഉടനെ ആനന്ദകൃഷ്ണൻ ഫോണെടുത്തു. ഗൗരമാർന്ന ചോദ്യം—'യമുനയല്ലേ, വിശേഷം വല്ലതും...?'

പിന്നെ ശാന്തനായി പറഞ്ഞു—

'ഇവിടെയുമങ്ങനെതന്നെ.'

□

എസ്. വി. വേണുഗോപൻ നായർ

ചെറുകഥാകൃത്തും അദ്ധ്യാപകനുമായ എസ്. വി. വേണുഗോപൻ നായർ, അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ, "ഉച്ച രാശികളിൽ രവിയും ശുക്രനും വ്യാഴവും, മേടത്തിൽ ബുധനും ഇടവത്തിൽ ശനിയും നിൽക്കെ, കുജസ്ഥിതമായ മിഥുനം ലഗ്നമായി, അവിട്ടം മൂന്നാം പാദത്തിൽ ജനിച്ച".

അച്ഛൻ: പി. സദാശിവൻ തമ്പി
അമ്മ: വിശാലാക്ഷിയമ്മ

ജന്മദേശമായ നെയ്യാറ്റിൻകര താലൂക്കിലെ സ്കൂളുകളിലും യൂണിവേഴ്സിറ്റി കോളേജിലും പഠിച്ചു. ബി. എസ്. സി, എം. എ., എം. ഫിൽ., പി. എച്ച്. ഡി. ബിരുദങ്ങൾ നേടി. എൻ. എസ്. എസ്. കോളേജിയറ്റ് സർവ്വീസിൽ അദ്ധ്യാപകനായിരുന്നു. ഇപ്പോൾ, തിരുവനന്തപുരം മഹാത്മാ ഗാന്ധി കോളേജിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്നു.

'രേഖയില്ലാത്ത ഒരാൾ' ഇടശ്ശേരി അവാർഡിനും 'ഭൂമിപുത്രന്റെ വഴി' കേരള സാഹിത്യ അക്കാദമി അവാർഡിനും അർഹമായി. ഏറ്റവും നല്ല ഗവേഷണ പ്രബന്ധത്തിനുള്ള ഡോ. കെ. എം. ജോർജ്ജ് അവാർഡും ലഭിച്ചു.

ഭാര്യ: കെ. വത്സല
മക്കൾ: ശ്രീവത്സൻ, ഹരിഗോപൻ, നിശാഗോപൻ

പ്രധാനകൃതികൾ

- കഥകളതിസാദരം (കഥാസമാഹാരം, സായാഹ്നയിൽ ലഭ്യമാണ്)
- ഗർഭശ്രീമാൻ (കഥാസമാഹാരം)
- മൂതിതാളം (കഥാസമാഹാരം)
- ആദിശേഷൻ (കഥാസമാഹാരം)
- തിക്തം തീക്ഷ്ണം തിമിരം (കഥാസമാഹാരം)
- രേഖയില്ലാത്ത ഒരാൾ (കഥാസമാഹാരം)
- ഒറ്റപ്പാലം (കഥാസമാഹാരം)
- ഭൂമിപുത്രന്റെ വഴി (കഥാസമാഹാരം)
- ബുദ്ധിജീവികൾ (നാടകം)
- വാത്സല്യം സി. വി.-യുടെ ആഖ്യായികകളിൽ (പഠനം)
- ആ മനുഷ്യൻ (നോവൽ വിവർത്തനം)
- ചുവന്ന അകത്തളത്തിന്റെ കിനാവ് (നോവൽ വിവർത്തനം)
- ജിംപ്രഭു (നോവൽ വിവർത്തനം)
- മലയാള ഭാഷാചരിത്രം (എഡിറ്റ് ചെയ്തത്)

(ഈ ജീവചരിത്രക്കുറിപ്പ് കഥകളതിസാദരം എന്ന പുസ്തകത്തിൽ നിന്ന്.)

ചിത്രീകരണം: വി. പി. സുനിൽകുമാർ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.